ബസ് ചാർജ് വർദ്ധനവ് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം

97 (1152) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് ചാർജ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച കേസിൽ ഹൈക്കോടതി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിരുന്നു ;

(ബി) ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോൾ ഈ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കിയോ ; എങ്കിൽ എപ്രകാരം ;

(സി) ഏതെങ്കിലും നിർദ്ദേശം നടപ്പാക്കാത്തപക്ഷം അതിനുള്ള കാരണങ്ങളെന്തെല്ലാമാണ് ;

(ഡി) ഈ നിർദ്ദേശങ്ങൾ എപ്പോൾ നടപ്പാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1. 30-9-1997-ൽ 16935/97, 17034/97 എന്നീ ഒ.പി. കളിൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ കേരള മോട്ടോർ വാഹന നിയമം 158 (A) അനുശാസിക്കും പ്രകാരമുള്ള റിട്ടേണുകൾ എല്ലാ ബസ്സുടമകളും യഥാസമയം സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് എല്ലാ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ സമർപ്പിക്കുന്ന റിട്ടേണുകളെ അടിസ്ഥാനമാക്കിയിരിക്കണം ഫെയർ നിശ്ചയിക്കേണ്ടതെന്നും ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

2. 7-7-99-ൽ 3849/93 ജി.എന്ന ഒ.പി.യിൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാനത്ത് എല്ലാ റൂട്ടുകളും അളന്ന് ഫെയർ സ്റ്റേജ് നിശ്ചയിക്കണമെന്നും അതിനുശേഷം മാത്രമേ യാത്ര നിരക്ക് പുതുക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാവൂ എന്നും സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

(ബി) മേൽപ്പറഞ്ഞ ഹൈക്കോടതി നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാൻ സംസ്ഥാനത്തെ എല്ലാ ആർ.ടി.എ. കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 1755/97, 1554/99 എന്നീ റിട്ട് അപ്പീലുകളിൽ ഹൈക്കോടതി യഥാക്രമം 8-6-1999, 2-8-1999 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ, ബസ് ചാർജ് വർദ്ധനവ് സംബന്ധിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റിന് അധികാരം നൽകുകയുണ്ടായി. അതുപ്രകാരമാണ് ബസ് ചാർജ് വർദ്ധന സംബന്ധിച്ച തീരുമാനമെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൈക്കോടതി നർദ്ദേശിച്ച നിബന്ധനകൾ പാലിക്കാൻ സംസ്ഥാനത്തെ എല്ലാ ആർ.ടി.എ.കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റൂൾ 158 (എ) പ്രകാരമുള്ള റിട്ടേണുകൾ എല്ലാ ബസ്സുടമകളും നൽകുന്നുണ്ടെന്നും അതിന്മേലുള്ള പരിശോധന നടത്തണമെന്നും അതിന് അധികാരപ്പെട്ട ആർ.ടി.എ.കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് വീഴ്ച വരുത്തുന്നവർക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരമുള്ള ശിക്ഷണ നടപടികൾ ബന്ധപ്പെട്ട ആർ.ടി.എ.കൾ സ്വീകരിക്കേണ്ടതാണ്. എല്ലാ റൂട്ടുകളിലും ഫെയർ സ്റ്റേജ് അളന്ന് പുനർനിർണ്ണയം ചെയ്യാൻ എല്ലാ ആർ.ടി.എ.കൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ജോലി 5-12-1999-ന് മുമ്പ് പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നത്. ഇത് സംബന്ധിച്ച് ജോലി എല്ലാ ആർ.ടി.എ.കളും ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ അത് പൂർത്തിയായിട്ടില്ല. ഇത് സംബന്ധിച്ച റിട്ട് അപ്പീലിൽ (1554/99) 2-8-1999-ൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവും പരിശോധിച്ച് വരികയാണ്.

(ഡി) കേരള മോട്ടോർ വാഹന നിയമം 158(എ) പ്രകാരം റിട്ടേൺ സമർപ്പിക്കണമെന്ന നിർദ്ദേശം ഇതിനോടകം നടപ്പിലാക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ പരമായ നടപടികൾ കൈക്കൊള്ളാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയം 5-12-1999-ൽ മുമ്പ് പൂർത്തിയാക്കണമെന്ന് 15-11-1999-ൽ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള റിട്ട് അപ്പിലിന്മേൽ 2-8-1999-ന് ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് നിയമ വകുപ്പുമായി ആലോചിച്ച് പരിശോധിച്ച് വരികയാണ്.

കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ

98 (1153) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവുംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ബസ്-തൊഴിലാളി അനുപാതം എത്രയാണ് ; കാര്യക്ഷമതയ്ക്ക് ഇതെത്രയായിരിക്കണം ;

(ബി) ചില പ്രത്യേക ഡിപ്പോകളിൽ ആവശ്യത്തിന് മെക്കാനിക്കൽ ജീവനക്കാരില്ലാതിരിക്കുകയും മറ്റു ചിലയിടങ്ങളിൽ ആവശ്യത്തിലധികം മെക്കാനിക്കൽ ജീവനക്കാരുണ്ടായിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ തസ്തികകളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം, ഓരോ ഡിപ്പോയിലും ആവശ്യത്തിനനുയോജ്യമായിരിക്കത്തക്ക വിധം റീഡിപ്ലോയ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താൽക്കാലിക ജീവനക്കാരുൾപ്പെടെ ഇപ്പോൾ ഒരു ബസ്സിന് 8.7 ജീവനക്കാരുണ്ട്. ഇത്രയും ജീവനക്കാരുണ്ടെങ്കിൽ മാത്രമേ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly